Malayala Manorama 5.09.2012

# അവയവം
## ആയുസ്സും കടന്ന്

5

തയാറാക്കിയത്:
ജിജി പോൾ,
സന്തോഷ് ജോൺ തൂവൽ,
എസ്. വി. രാജേഷ്,
കെ. ശ്രീരേഖ.

രമീഷ് വൃക്കരോഗിയാണെന്ന് അറിഞ്ഞുകൊണ്ടു തന്നെയാണു സബിത അയാളെ സ്നേഹിക്കുകയും വൃക്ക നൽകുകയും വിവാഹം കഴിക്കുകയും ചെയ്തത്. കോഴിക്കോടു ജില്ലയിലെ പാലത്ത് എരവന്നൂർ തുവ്വാട്ടുതാഴത്ത് സബിത (23) കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രി സൂപ്പർ സ്പെഷ്യൽറ്റിയിലെ വാർഡിലാണു കിഴക്കുംമുറിയിലെ പൊക്കാത്ത് കെ.ടി. രമീഷിനെ (25) ആദ്യമായി കണ്ടുമുട്ടിയത്; 2009 നവംബറിൽ. സബിതയുടെ സഹോദരൻ സതീഷിനു നേരത്തേ രമീഷിനെ അറിയാമായിരുന്നു.

രമീഷിന്റെ കിടപ്പ് സബിതയുടെ കരളലിയിച്ചു. വീട്ടിലെത്തിയിട്ടും സബിതയുടെ മനസ്സിൽ നിന്നു രമീഷിന്റെ ദയനീയ മുഖം മാഞ്ഞുപോയില്ല. രമീഷിനെ സഹായിക്കണമെന്ന് അവൾ ഉറച്ച തീരുമാനമെടുത്തു. വീട്ടുകാർ എതിർത്തെങ്കിലും 2010 ഫെബ്രുവരി ഒൻപതിനു രമീഷിനു താങ്ങും തണലുമായി സബിത ജീവിതപങ്കാളിയായി.

ഒരുവർഷം മുൻപു രമീഷിന് അടിയന്തരമായി വൃക്കമാറ്റിവയ്ക്കൽ നടത്തണമെന്നു ഡോക്ടർമാർ നിർദേശിച്ചു. ഭർത്താവിനു വൃക്ക നൽകാനുള്ള തീരുമാനത്തിൽ അവൾ ഉറച്ചുനിന്നു.

സബിതയുടെ പിതാവ് ഹോട്ടൽ തൊഴിലാളിയാണ്. അമ്മ സുലോചന കെട്ടിടനിർമാണ തൊഴിലാളിയും. ചികിൽസയ്ക്കു ശേഷം സാമ്പത്തികമായി ഏറെ പരിധീനതയിലാണെങ്കിലും അതൊന്നും ത്യാഗത്തിന്റെ സന്തോഷം കുറയ്ക്കുന്നില്ല.

## ഹിതേന്ദ്രന്റെ കഥ

ഹിതേന്ദ്രനെ അധികംപേർക്കും അറിയണമെന്നില്ല. 17-ാം വയസ്സിൽ ചെന്നൈയിൽ വാഹനാപകടത്തിൽ മരിച്ചുപോയ ആൾ. എന്നാൽ ഹിതേന്ദ്രന്റെ ജീവിതം പിന്നീടു ട്രാഫിക് എന്ന പേരിൽ സിനിമയായപ്പോൾ എല്ലാവരും ഹിതേന്ദ്രന്റെ മാതാപിതാക്കൾ ലോകത്തിനു നൽകിയ സന്ദേശം അറിഞ്ഞു.

മകന്റെ മസ്തിഷ്ക മരണം ഉറപ്പിച്ച മാതാപിതാക്കൾ വിശുദ്ധമായൊരു തീരുമാനമെടുത്തു. അവന്റെ ഉപയോഗ യോഗ്യമായ അവയവങ്ങൾ മറ്റുള്ളവർക്കു ജീവൻ നൽകട്ടെ.

ചെന്നൈ അപ്പോളോ ആശുപത്രിയിൽ ഹൃദയ ശസ്ത്രക്രിയയ്ക്കായി ഒരു പെൺകുട്ടി ആ സമയം കാത്തുകിടക്കുന്നുണ്ടായിരുന്നു. 20 മിനിറ്റിനകം ഹിതേന്ദ്രന്റെ ഹൃദയം ഫ്രണ്ട്‌ലിയർ ആശുപത്രിയിൽ നിന്നു ചെന്നൈ അപ്പോളോ ആശുപത്രിയിലെത്തിക്കാൻ സിറ്റി പൊലീസ് കമ്മിഷണർ ആ റോഡിലെ ഗതാഗതം നിരോധിച്ചു. ഹൃദയം സ്വീകരിച്ച പെൺകുട്ടിക്കു പുറമേ മറ്റ് ഏഴുപേരിലുമായി ഹിതേന്ദ്രൻ ഇന്നും ജീവിക്കുന്നു.

## തമിഴ്നാട് മാതൃക

വിദേശ രാജ്യങ്ങളിൽ പ്രചാരത്തിലുള്ള കെഡാവറിക് ട്രാൻസ്പ്ലാന്റേഷൻ (മരിച്ചയാളുടെ അവയവങ്ങൾ എടുത്തു രോഗികൾക്കു ജീവനേകുന്ന പദ്ധതി) ഇന്ത്യയിൽ ഏറ്റവും ഫലപ്രദമായി നടപ്പാക്കുകയാണു തമിഴ്നാട്. ഇതിനായി അവിടെ കോർ കമ്മിറ്റിയും ആശുപത്രികളിൽ ആധുനിക സജ്ജീകരണങ്ങളുമുണ്ട്. ഒരാൾക്ക് അപകടത്താലോ രോഗത്താലോ മസ്തിഷ്ക മരണം സംഭവിച്ചാൽ ബന്ധുക്കളോടു ഡോക്ടർ ചോദിക്കും: നിങ്ങളുടെ ബന്ധു മരിച്ചുകഴിഞ്ഞു. ഇപ്പോൾ നിങ്ങൾ തീരുമാനമെടുത്താൽ അയാൾ ഇനിയും ജീവിക്കും.

അയാളുടെ ഹൃദയം മറ്റൊരാളിലിരുന്നു തുടിക്കും.

കണ്ണുകൾ മറ്റൊരാളിലൂടെ വീണ്ടും കാണും.

കരൾ മറ്റൊരാൾക്കു ജീവന്റെ കരളാകും.

വൃക്കകൾ മറ്റൊരാൾക്കു പുതുജീവനാകും.

സമ്മതംമൂളുന്ന ബന്ധുക്കൾ അനേകം. അങ്ങനെ വൃക്കവ്യാപാരത്തിനു പേരുകേട്ടിരുന്ന തമിഴ്നാട്ടിൽ നിന്നു സംസ്കാരിക കേരളം അവയവദാനത്തിന്റെ മഹാസംസ്കാരം പഠിക്കുന്നു. കേരളത്തിൽ നിന്നു പ്രഗത്ഭരായ ഡോക്ടർമാരുടെ സംഘം ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എജ്യൂക്കേഷനു വേണ്ടി തമിഴ്നാട്ടിലെ രീതിയെക്കുറിച്ചു പഠനം നടത്തിയിരുന്നു. അതിന്റെ ഫലം എത്തിനിൽക്കുന്നതു 'മൃതസഞ്ജീവനി'' എന്ന മഹത്തായ പദ്ധതിയിലാണ്.

മരിക്കുമ്പോൾ അവയവങ്ങൾ ദാനം ചെയ്യാനുള്ള സമ്മതപത്രം വാങ്ങി, മസ്തിഷ്ക മരണം സംഭവിക്കുന്നവരുടെ അവയവങ്ങൾ ആശുപത്രികളിൽ എടുത്തു സൂക്ഷിച്ച്, മുൻഗണനാക്രമമനുസരിച്ചു രോഗികളിൽ വച്ചുപിടിപ്പിക്കുന്ന പദ്ധതി. മൃതിയിൽ നിന്നു ജീവനുണ്ടാക്കുന്ന മൃതസഞ്ജീവനി.

അവയവദാനമേഖലയിലെ ദുരിതങ്ങൾക്കും തട്ടിപ്പിനും പരിഹാരം. മൃതസഞ്ജീവനി പോലൊരു പദ്ധതിക്കു തുടക്കത്തിലേ തന്നെ മൃതി സംഭവിച്ചുകൂടാ. അതിനാണ് ഈ അന്വേഷണം വായനക്കാർക്കും അധികാരികൾക്കും സമർപ്പിക്കുന്നത്.

(അവസാനിച്ചു)

**ഈ ലോകത്തു തുടരാൻ മറ്റുചിലർക്കുകൂടി അവസരമൊരുക്കി സ്വയം മാതൃകകാട്ടി അവയവദാനമെന്ന മഹത്തായ ആശയത്തിന്റെ പ്രചാരകരാകുന്ന ചിലർ നമുക്കിടയിൽ. അവർ നമുക്കു പ്രചോദനമാകട്ടെ.**

## കൊച്ചൗസേപ്പ്: ദാനത്തിന്റെ വലിയ ഔസേപ്പ്



വിഗാർഡ് ഗ്രൂപ്പ് സ്ഥാപനങ്ങളുടെ മേധാവിയായ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളിയുടെ വൃക്കദാനം കേരളത്തിലും കേരളത്തിനു പുറത്തും അവയവ ദാനത്തിനു നൽകിയ സന്ദേശം വലുതാണ്. അടുത്ത ബന്ധുവിന്റെ വൃക്ക മാറ്റിവയ്ക്കലുമായി ബന്ധപ്പെട്ടാണു കൊച്ചൗസേപ്പ് വൃക്കരോഗികളുടെ വേദന നേരിട്ടറിഞ്ഞത്. വൃക്ക നൽകിയതിനെ തുടർന്നു നാലുദിവസം മാത്രമേ ആശുപത്രിയിൽ കഴിയേണ്ടി വന്നുള്ളൂ. 14 ദിവസം കഴിഞ്ഞപ്പോൾ ഓഫിസിൽ പോയി. പൊക്കിളിനു താഴെ അഞ്ചു സെന്റിമീറ്ററുള്ള മുറിവുണങ്ങിയൊരു പാടുമാത്രമേ കൊച്ചൗസേപ്പിന്റെ ശരീരത്തിൽ ശസ്ത്രക്രിയയുടെ ഭാഗമായി ഉണ്ടായുള്ളൂ.